# നോർക്ക ന്യൂസ്

ന്യൂസ് ലെറ്റർ

Follow us on

Government of Kerala

NORKA ROOTS

A Government of Kerala Undertaking

എന്നും പ്രവാസികൾക്കൊപ്പം

ഫെബ്രുവരി 2024 • വാല്യം 02 • ലക്കം 02





## മലയാളികളുടെ സ്വീകാര്യത മാനവവിഭവശേഷിയുടെ കരുത്ത്: മന്ത്രി പി. രാജീവ്

ലോകത്തെവിടെയും മലയാളികൾക്ക് മികച്ച വേതനമുള്ള ജോലി ലഭിക്കുന്നത് നമ്മുടെ മാനവവിഭവശേഷിയുടെ കരുത്താണെന്ന് വ്യവസായവും നിയമവും കയറും വകുപ്പ് മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് പറഞ്ഞു. നോർക്ക റൂട്ട്സിന്റെ ജനറിക് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ നിന്നും വിദേശങ്ങളിലേയ്ക്ക് കുടിയേറിയ പഴയതലമുറയിലെ നഴ്സുമാർ സമ്പാദിച്ച സൽപ്പേരാണ് മലയാളി നഴ്സുമാരെന്ന ബ്രാന്റായിവളർന്നതിനു പിന്നിലെ കരുത്ത്. ലോകത്തെ പല രാജ്യങ്ങളിലേയും രോഗികൾക്ക് മികച്ച ശുശ്രൂഷകൾ ലഭ്യമാക്കാൻ കഴിയുന്ന ആശുപത്രികളുടെ കേന്ദ്രമായി കേരളം മാറുകയാണ്. അതിനാൽ തന്നെ ഇവിടേയും നഴ്സുമാർക്കും ജീവനക്കാർക്കും ഉയർന്ന വേതനം നൽകാൻ ആശുപത്രി മാനേജ്മെന്റുകൾ നിർബന്ധിതമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. വിദേശറിക്രൂട്ട്മെന്റിലെ തട്ടിപ്പുകൾ ഒഴിവാക്കാൻ ലക്ഷ്യമിട്ടാണ് ഗവൺമെന്റ് ടു ഗവൺമെന്റ് റിക്രൂട്ട്മെന്റ് കരാറുകൾക്ക് സർക്കാർ പ്രാധാന്യം നൽകുന്നത്. ഈ മാതൃകയാണിപ്പോൾ മറ്റ് സംസ്ഥാനങ്ങൾ പിന്തുടരുന്നതെന്നും നോർക്ക റൂട്ട്സിനെ അഭിനന്ദിച്ച് പി. രാജീവ് വ്യക്തമാക്കി.

മലയാളികളുടെ ജീവിതയാത്രയുടെ ഭാഗമാണ് പ്രവാസമെന്നും പ്രതീക്ഷയും പ്രയത്നവുമാണ് ഇതിന് കരുത്താകുന്നതെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ച നോർക്ക റൂട്ട്സ് സി.ഇ.ഒ കെ, ഹരികൃഷ്ണൻ നമ്പൂതിരി അഭിപ്രായപ്പെട്ടു. വിദേശ രാജ്യങ്ങളിലേയ്ക്ക് പഠനത്തിനോ, ഉദ്യാഗത്തിനോ പോകുന്നവർക്കായാണ് നോർക്ക റൂട്ട്സ് കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ ഭാഗമായ റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ പിന്തുണയോടെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നത്. വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റ നടപടികളെപറ്റി വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളേയും ബോധവൽരിക്കുന്ന രീതിയിലാണ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ അഞ്ച് നഴ്സിങ് കോളേജുകളിൽ നിന്നുൾപ്പെടെ 320 ഓളം വിദ്യാർത്ഥികൾ ഹോട്ടൽ എസ്.പി ഗ്രാന്റ് ഡേയ്സിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു.

ഉദ്ഘാടനചടങ്ങിൽ നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി സ്വാഗതം പറഞ്ഞു. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ബിന്ദു.വി.സി, ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിങ് എഡ്യൂക്കേഷൻ ഡോ. സലീന ഷാ, നോർക്ക റൂട്ട്സ് പ്രോജക്ട്സ് മാനേജർ സുഷമഭായി എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ എംപാനൽഡ് ട്രയിനർമാരായ ജിജോയ് ജോസഫ്, അനസ് അൻവർ ബാബു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## പ്രവാസികൾക്കായി സമഗ്ര ഇൻഷുറൻസ് പദ്ധതി പരിഗണനയിൽ: പി. ശ്രീരാമകൃഷ്ണൻ







ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള മലയാളി പ്രവാസികൾക്കായി ഒരു സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നോർക്ക റൂട്ട്സ് നടപടി സ്വീകരിച്ചു വരികയാണെന്ന് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അറിയിച്ചു. പ്രവാസികൾക്കായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച സംരംഭകത്വ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രവാസികൾക്കും അവരുടെ അടുത്ത കുടുംബാംഗങ്ങൾക്കുമായി ആവിഷ്കരിച്ചിരിക്കുന്ന അഞ്ചു ലക്ഷം രൂപയുടെ ഈ ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിന് ചുരുങ്ങിയ പ്രീമിയം തുക മതിയാകും. നോർക്ക സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കാനുള്ള നോർക്ക ഡയറക്ടർ ബോർഡിന്റെ തീരുമാനം സർക്കാർ അംഗീകാരത്തിനായി അയച്ചു കഴിഞ്ഞതായി പി. ശ്രീരാമകൃഷ്ണൻ വ്യക്തമാക്കി.

മലപ്പുറം സൂര്യ റീജൻസിയിൽ സംഘടിപ്പിച്ച ശില്പശാലയിൽ മലപ്പുറം ,കോഴിക്കോട്,പാലക്കാട് ജില്ലകളിൽ നിന്നുള്ള 62 പ്രവാസിസംരംഭകർ പങ്കെടുത്തു. വിവിധ സംരംഭകസഹായ പദ്ധതികൾ , വിവിധ തരം ലൈസൻസുകൾ, ജി.എസ്.ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. നോർക്കാ റൂട്സിന്റെ വിവിധ പദ്ധതികളും സേവനങ്ങളും സംബന്ധിച്ച് ജനറൽ മാനേജർ അജിത് കോളശ്ശേരി വിശദീകരിച്ചു. എൻ.ബി.എഫ്.സി പ്രോജക്ട്സ് മാനേജർ സുരേഷ് കെ.വി, സീനിയർ പ്രോഗ്രാം കോർഡിനേറ്റർ ഷറഫുദ്ദീൻ. ബി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. നോർക്ക റൂട്ട്സ് കോഴിക്കോട് സെന്റർ മാനേജർ രവീന്ദ്രൻ.സി ചടങ്ങിൽ സ്വാഗതം പറഞ്ഞു. നടപ്പുസാമ്പത്തിക വർഷത്തെ ഏഴാമത് ബാച്ച് സംരംഭകത്വ പരിശീലന പരിപാടിയാണ് മലപ്പുറത്ത് സംഘടിപ്പിച്ചത്.



# നോർക്ക സെന്റർ സന്ദർശിച്ച് യു.കെ സംഘം

യുണൈറ്റഡ് കിംങ്ഡമിലെ (യു.കെ) നാഷണൽ ഹെൽത്ത് സർവ്വീസ് പ്രതിനിധിസംഘം നോർക്ക അധികൃതരുമായി തിരുവനന്തപുരത്ത് ചർച്ച നടത്തി. വരുന്ന സാമ്പത്തിക വർഷം മുതൽ പ്രതിവർഷം 1000 പ്ലസ് റിക്രൂട്ട്മെന്റുകൾ (പ്രോജക്റ്റ് 1000പ്ലസ്) സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കൂടിക്കാഴ്ചയിൽ നോർക്ക റൂട്ട്സ് സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി എന്നിവർ വ്യക്തമാക്കി. ഡോക്ടർമാർ,നഴ്സുമാർ എന്നിവരെ കൂടാതെ ആരോഗ്യമേഖലയിൽ നിന്നുള്ള മറ്റ് പ്രൊഷണലുകൾക്ക്ക്കൂടി അവസരം ലഭ്യമാക്കുന്നതാണിത്. കഴിഞ്ഞ മൂന്നു യു.കെ കരിയർ ഫെയറുകൾ സംബന്ധിച്ചും യോഗത്തിൽ വിശദമായി വിലയിരുത്തി. യു.കെ യിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടപടികൾ നിശ്ചിതസമയ പരിധിക്കുള്ളിൽ സാധ്യമാക്കുന്നതിനായുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്തു. പ്രത്യേക റിക്രൂട്ട്മെന്റ് പോർട്ടലിന്റെയും ഡിജിറ്റൽ സാധ്യതകളും ചർച്ച ചെയ്തു.

കെയർഹോമുകളിലേയ്ക്കുള്ള സീനിയർ സപ്പോർട്ട് വർക്കർമാരുടെ സാധ്യതകൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ തൊഴിൽനൈപുണ്യ നിലവാരം മികച്ചതാണെന്ന് യു.കെ സംഘം ചൂണ്ടിക്കാട്ടി. മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളത്തിൽ നിന്നുള്ള നഴ്സുമാർക്കുകൂടി ഉപകാരപ്രദമാകും വിധം റിക്രൂട്ട്മെന്റ് രീതിയിൽ മാറ്റത്തിനും നിർദ്ദേശമുണ്ടായി. റിക്രൂട്ട്മെന്റുകൾ നടപടികൾ വേഗത്തിലാക്കുന്നതിനായി നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗം പുനക്രമീകരിക്കുമെന്നും യോഗത്തിൽ വ്യക്തമാക്കി. യു.കെ എൻ.എച്ച്.എസ് നോർത്തേൺ ലിങ്കൺഷെയർ ആൻറ് ഗ്ഗൾ



പ്രതിനിധികളായ റിക്രൂട്ട്മെന്റ് ആന്റ് വർക്ക്ഫോഴ്സ് വിഭാഗം മേധാവി ഡേവിഡ് സ്പാർക്വ ഡെപ്യൂട്ടി ഡയറക്ടർ പോൾ ബ്യന്യാൻ, പ്രൈമർ കെയർ വർക്ക്ഫോഴ്സ് ഡവലപ്മെന്റ് വിഭാഗത്തിൽ നിന്നും കെവിൻ ആൻഡേഴ്സൺ, ലോറ സ്റ്റാന്റ്ലാന്റ്, എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ മനോജ്. ടി, ഹോം ഒതന്റിക്കേഷൻ ഓഫീസർ സുഷമാഭായി.എസ്, റിക്രൂട്ട്മെന്റ് വിഭാഗത്തിൽ നിന്നും ഫിറോസ്, ജി.ആർ രതീഷ് എന്നിവരും മറ്റ് ജീവനക്കാരും സംബന്ധിച്ചു.






# നോർക്കയുടെ പുരധിവാസ പദ്ധതികൾ രാജ്യത്തിന് മാതൃക: പി. ശ്രീരാമകൃഷ്ണൻ

തിരിച്ചെത്തുന്ന പ്രവാസികൾക്കായി നോർക്ക റൂട്ട്സ് നടപ്പാക്കുന്നതുപോലെയുള്ള പുനരധിവാസ പദ്ധതികൾ രാജ്യത്തിന് മാതൃകയെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ.പ്രവാസിസംരംഭകർക്കായി നോർക്ക റൂട്സും കേരളബാങ്കും സംയുക്തമായി പൊന്നാനി ആർ.വി. പാലസിൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റും, വായ്പാമേളയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംരംഭങ്ങൾ തുടങ്ങാൻ വായ്പ ആവശ്യമുള്ളവരെയും വായ്പ നൽകാൻ തയ്യാറുള്ള ധനകാര്യ സ്ഥാപനത്തേയും പരസ്പരം ബന്ധിപ്പിച്ച് സംരംഭകർക്ക് പിന്തുണ നൽകുക എന്നതാണ് ലോൺ മേളകൊണ്ട് ഉദ്ദേശിക്കുന്നത്. വ്യാവസായിക അന്തരീക്ഷവും വിപണിയുടെ സാധ്യതകളും മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ പ്രവാസികൾക്ക് ഇതിലൂടെ കഴിയും.

കേരളത്തിലെ പ്രവാസികൾ ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതായും അദ്ദേഹം പറഞ്ഞു. കേരളാ ബാങ്ക് ഡയറക്ടർ ഇ. രമേഷ് ബാബു അധ്യക്ഷത വഹിച്ചു.നോർക്കാ റൂട്ട്സ് ജനറൽ മാനേജർ അജിത് കോശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. നോർക്കാ റൂട്ട്സ് സെന്റർ മാനേജർ സി.രവീന്ദ്രൻ നോർക്കാ റൂട്ട്സിന്റെ പദ്ധതികളുടേയും കേരളാ ബാങ്ക് കൃഷി ഓഫീസർ ടി. രാജ്കുമാർ കേരളാ ബാങ്ക് പദ്ധതികളുടേയും വിശദീകരണം നടത്തി.

കേരള ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ പി.ശ്രീധരൻ സ്വാഗതവും,പൊന്നാനി ഏരിയാ മാനേജർ ടി.എം. സൽമാ ബീവി നന്ദിയും പറഞ്ഞു. ഉദ്ഘാടനച്ചടങ്ങിന് ശേഷം പൊന്നാനി ഉപ ജില്ല വ്യവസായ ആഫീസർ റഷീദ്,കേരള സോപ്സ് മാർക്കറ്റിംഗ് മാനേജർ ശ്രീകുമാർ, കേരള സോപ്സ് ഫിനാൻസ് മാനേജർ രാജേഷ് കുമാർ, കേരള ഫീഡ്സ് ഏരിയ മാനേജർ ബിജേഷ്, മലബാർ സിമന്റ്സ് മാർക്കറ്റിംഗ് മാനേജർ വേണുഗോപാൽ എന്നിവർ നിക്ഷേപ സാധ്യതകളെ സംബന്ധിച്ച ക്ലാസ്സുകളെടുത്തു.മേളയിൽ ആകെ 135 പ്രവാസി സംരംഭകരാണ് പങ്കെടുക്കാനെത്തിയത്. 55 പേർക്ക് 6.39 കോടിയുടെ വായ്പക്കായുള്ള പ്രാഥമികാനുമതി ലഭിച്ചു. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഇവർക്ക് ലോൺ തുകകൾ അനുവദിക്കും.



# നോർക്കയ്ക്ക് വീണ്ടും ദേശീയ പുരസ്കാരം

ലോകത്തെമ്പാടുമുള്ളപ്രവാസി മലയാളികളെ ഒരുമിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിഗണിച്ച് നോർക്ക റൂട്ട്സിന് ദേശീയ അവാർഡ്.തുടർച്ചയായ രണ്ടാം തവണയാണ് നോർക്കയെത്തേടി സ്കോച്ച് അവാർഡ് എത്തുന്നത്.

സാമൂഹിക നീതിയും ശാക്തീകരണവും വിഭാഗത്തിലെ ഗോൾഡ് കാറ്റഗറിയിലാണ് പുരസ്കാരം. ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ നടന്ന ചടങ്ങിൽ സ്കോച്ച് ഗ്രൂപ്പ് ചെയർമാൻ സമീർ കൊച്ചാർ പുരസ്കാരം സമ്മാനിച്ചു. നോർക്ക റൂട്ട്സ് ഡൽഹി എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസർ ഷാജിമോൻ.ജെ പുരസ്കാരം ഏറ്റുവാങ്ങി. സ്കോച്ച് ഗ്രൂപ്പ് വൈസ് ചെയർമാൻ ഗുരുശരൺ ധഞ്ജൽ,നോർക്ക റൂട്ട്സ് മാനേജർ ഫിറോസ് ഷാ ആർ.എം, തുടങ്ങിയവർ പങ്കെടുത്തു.

പ്രവാസിക്ഷേമത്തിന്റെ സമഗ്രമേഖലകളേയും സ്പർശിക്കുന്നതാണ് നോർക്കയുടെ പദ്ധതികളെന്നും ഈ കേരളാമാതൃകയ്ക്കുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. പ്രവാസത്തിനു മുൻപ്, പ്രവാസത്തിന് ഒപ്പം, പ്രവാസത്തിനു ശേഷം എന്നിങ്ങനെ പ്രവാസിക്ഷേമത്തിന് മറ്റ് സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാക്കാവുന്ന പദ്ധതികൾക്കും സേവനങ്ങൾക്കുമുള്ള അംഗീകാരമാണ് പുരസ്കാരമെന്ന് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരിയും അഭിപ്രായപ്പെട്ടു.

ലോകത്തുള്ള 182 രാജ്യങ്ങളിൽ ഇന്ന് കേരളീയ പ്രവാസികളുണ്ട്. വൈവിധ്യമാർന്ന ഏകീകരണ, ക്ഷേമ പ്രവർത്തനങ്ങളിലൂടെ പ്രവാസികളെ ഒരുമിപ്പിക്കുന്നതിന് കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ നോർക്ക റൂട്ട്സിന് കഴിഞ്ഞു എന്ന് പുരസ്കാര നിർണ്ണയ സമിതി വിലയിരുത്തി. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ, ലോക കേരള സഭ, ലോക മലയാള കേന്ദ്രം,എൻ.ആർ. കെ. ഇൻഷുറൻസ്,പ്രവാസി നിയമ സാഹായ സെല്ലുകൾ തുടങ്ങിയ പദ്ധതികളെല്ലാം പുരസ്കാരം നേടിയെടുക്കാൻ നോർക്ക റൂട്ട്സിന് സഹായകരമായി. പ്രവാസികൾക്കായി ഇരുപതോളം പദ്ധതികളാണ് നിലവിൽ നോർക്ക നടപ്പാക്കിവരുന്നത്. തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും സാമ്പത്തിക പുനരേകീകരണത്തിനും സഹായകരമാകുന്ന പദ്ധതികൾ നടപ്പാക്കിയതിനാണ് നോർക്ക റൂട്ട്സിന് കഴിഞ്ഞവർഷം സ്കോച്ച് അവാർഡ് ലഭിച്ചത്.



# കണ്ണൂരിൽ പ്രവാസികൾക്കായി സംരംഭകത്വ പരിശീലന പരിപാടി

പ്രവാസികൾക്കായി നോർക്ക ബിസിനസ്സ് ഫെസിലേറ്റഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. നടപ്പു സാമ്പത്തികവർഷത്തെ ആറാമത്തെ പരിശീലന പരിപാടിയാണിത്. രാവിലെ ഒൻപതു മുതൽ വെകിട്ട് മൂന്നു വരെ നടന്ന പരിശീലനത്തിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുള്ള 71 പ്രവാസികൾ പങ്കെടുത്തു.

നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ സംരംഭകസഹായ പദ്ധതികൾ , വ്യവസായ സംരംഭത്തിനാവശ്യമായ വിവിധ തരം ലൈസൻസുകൾ, ജി.എസ്.ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. പ്രോജക്റ്റുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചും, എം.എസ്.എം.ഇ യെക്കുറിച്ചും അവബോധമുണ്ടാക്കാനുള്ള ക്ലാസുകളും സംഘടിപ്പിച്ചിരുന്നു. സംസ്ഥാനസർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്കും നാട്ടിൽ തിരിച്ചെത്തിയവർക്കുമായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് സീനിയർ എക്സിക്യൂട്ടിവ് പാർവതി.ജി.എസ്. വിശദീകരിച്ചു. എൻ.ബി.എഫ്.സി പ്രോജക്ട്സ് മാനേജർ സുരേഷ് കെ.വി, സീനിയർ പ്രോഗ്രാം കോർഡിനേറ്റർ ഷറഫുദ്ദീൻ. ബി എന്നിവർ പരിശീലന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.






# നോർക്കയുടേത് സമാനതകളില്ലാത്ത പ്രവർത്തനം : പി. ശ്രീരാമകൃഷ്ണൻ





സമാനതകൾ ഇല്ലാത്തവിധമുള്ള പ്രവാസി ക്ഷേമ പദ്ധതികളും പരിപാടികളുമാണ് നോർക്ക റൂട്ട്സ് നടപ്പിലാക്കുന്നതെന്ന് നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു.ഒറ്റപ്പാലത്ത് നടന്ന നോർക്ക- കാനറ ബാങ്ക് പ്രവാസി ലോൺമേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.കേരളത്തെ സംരംഭകത്വ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സർക്കാർ ശ്രമിക്കുമ്പോൾ അതിന് ഗുണപരമായ പങ്കു വഹിക്കാൻ നോർക്ക റൂട്ട്സിന് കഴിയുന്നു.വൻകിട കോർപ്പറേറ്റുകൾക്ക് വായ്പ നൽകാൻ ബാങ്കുകൾക്ക് താല്പര്യമാണ്.

എന്നാൽ ചെറിയ വായ്പകൾ വഴി സമൂഹത്തിൽ താഴെ തട്ടിൽ സാമ്പത്തിക അനുരണനങ്ങൾ സൃഷ്ടിക്കേണ്ട ധനകാര്യ സ്ഥാപനങ്ങൾ അതിന് മടിക്കുന്ന സാഹചര്യത്തി ലാണ് നോർക്ക റൂട്ട്സിന്റെ പുനരധിവാസ പദ്ധതികൾക്ക് പ്രസക്തിയേറുന്നത്. വായ്പ കൊടുക്കേണ്ട സ്ഥാപനങ്ങളെയും ധനസഹായം ആവശ്യമുള്ള സംരംഭകരെയും ഒരേ കുടക്കീഴിൽ കൊണ്ടുവരുന്ന 50 വായ്പമേളകൾ ഇതിനകം നോർക്ക പ്രവാസികൾക്കായി സംഘടിപ്പിച്ചു കഴിഞ്ഞു. നോർക്ക സബ്സിഡിയിലൂടെ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ1600 -ലധികം സംരംഭങ്ങളാണ് ആരംഭിച്ചത്.ഇന്ത്യയിൽ മികച്ചരീതിയിൽ പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പാക്കിയതിനുള്ളകഴിഞ്ഞ വർഷത്തേയുംഇക്കൊല്ലത്തേയും സ്കോച്ച് അവാർഡുകൾ നേടാൻ നോർക്ക റൂട്ട്സിനെ അർഹമാക്കിയതും രാജ്യത്തിന് തന്നെ മാതൃകയായ പുനരധിവാസ, ഏകീകരണ പദ്ധതികളാണെന്നും പി. ശ്രീരാമകൃഷ്ണൻ വ്യക്തമാക്കി.ഒറ്റപ്പാലം ജെ.ആർ. ജെ കോൺഫറൻസ് ഹാളിൽ നടന്ന ലോൺ മേളയിൽ ഒൻപത് കോടി രൂപയുടെ വായ്പകൾക്ക് ശിപാർശ നൽകി. 79 പ്രവാസി സംരംഭങ്ങൾക്കായാണ് ഈ തുക ലഭിക്കുക. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് വായ്പാ ലഭ്യമാക്കും.

കാനറാ ബാങ്ക് ചിഫ് മാനേജർ കാർത്തികേയൻ. കെ അധ്യക്ഷത വഹിച്ച ഉദ്ഘാടനച്ചടങ്ങിൽ നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി മുഖ്യപ്രഭാഷണം നടത്തി. വായ്പാ പദ്ധതിയെപ്പറ്റി എറണാകുളം സെന്റർ മാനേജർ രജീഷ്. കെ. ആർ, ബാങ്ക് വായ്പ്പയെ സംബന്ധിച്ച് കാനറാ ബാങ്ക് സീനിയർ മാനേജർ ബിനിൽ എന്നിവർ വിശദീകരിച്ചു. നോർക്ക അസി. മാനേജർ ജെൻസി ജോസി ചടങ്ങിന് നന്ദി പറഞ്ഞു. മേളയിൽ ആകെ 125 പ്രവാസി സംരംഭകരാണ് പങ്കെടുക്കാനെത്തിയത്. ഒരു ലക്ഷം രൂപ മുതൽ പരമാവധി 30 ലക്ഷം രൂപ വരെയുള്ള പ്രവാസിസംരംഭങ്ങൾക്കാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരം വായ്പ അനുവദിക്കുക. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷത്തേക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. സംസ്ഥാനത്തെ 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

# തിരുവല്ല ലോൺ മേളയിൽ 1.72 കോടിയുടെ വായ്പകൾക്ക് ശിപാർശ





പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും ഇന്ത്യൻ ബാങ്കും സംയുക്തമായി പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ സംഘടിപ്പിച്ച വായ്പാനിർണ്ണയ ക്യാമ്പിൽ 1.72 കോടി രൂപയുടെ വായ്പകൾക്ക് ശിപാർശ നൽകി. 17 പ്രവാസി സംരംഭങ്ങൾക്കായാണ് ഈ തുക ലഭിക്കുക. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിപ്രകാരമാണ് വായ്പകൾ അനുവദിക്കുക. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നമുറയ്ക്ക് വായ്പാ ലഭ്യമാക്കും. കാവുംഭാഗം ആനന്ദ് കൺവെൻഷൻ സെന്ററിൽ രാവിലെ 11 മുതൽ നടന്ന വായ്പാക്യാമ്പ് ഇന്ത്യൻ ബാങ്ക് ചീഫ് മാനേജർ (സോണൽ ഓഫീസ്. എറണാകുളം) അഗസ്റ്റിൻ വീരപാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ ബാങ്കിൽ നിന്നും മാനേജർമാരായ അജിത എലിസബത്ത് ഫിലിപ്പ്, അഭിലാഷ് പി, പ്രിയ പി എന്നിവരും നോർക്ക റൂട്ട്സിൽ നിന്നും അസിസ്റ്റന്റ് മാനേജർ ജെൻസി ജോസി, ബീനാകുമാരി എസ്, മനോജ്കുമാർ.എച്ച് എന്നിവരും പങ്കെടുത്തു.

മേളയിൽ ആകെ 27 പ്രവാസി സംരംഭകരാണ് പങ്കെടുക്കാനെത്തിയത്. ഒരു ലക്ഷം രൂപ മുതൽ പരമാവധി 30 ലക്ഷം രൂപ വരെയുള്ള പ്രവാസിസംരംഭങ്ങൾക്കാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരം വായ്പ അനുവദിക്കുക. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷത്തേക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. സംസ്ഥാനത്തെ 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

24x7 Norka Global Contact Centre Toll Free Number 1800 425 3939 (India) International missed call service - +91-8802 012345

NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala, No of copies 200, For free distribution, February 2024